# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *15 28.01.2019-ൽ മറുപടിക്ക്**

### അനധികൃത ആയുധ പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ. ബി.സത്യൻ<br>ശ്രീ. പി.കെ. ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നെടുമങ്ങാട് പോലീസ് സ്റ്റേഷനുനേരെ ബോംബാക്രമണം നടത്തിയ ആർ.എസ്.എസ് ജില്ല നേതാവ് സംഘമന്ദിർ എന്ന ആർ.എസ്.എസ്. ഓഫീസിൽ ഒളിച്ച് താമസിച്ച് അക്രമ പ്രവർത്തനം നടത്തി വന്ന ഇതരജില്ലക്കാരനെന്ന് തെളിയുകയും ആ ഓഫീസിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ആ സംഘടനയുടെ ഓഫീസുകൾ മറ്റുസ്ഥലങ്ങളിൽ നിന്നുള്ള ക്രിമിനലുകളുടെ ഒളിത്താവളമാക്കുന്ന പ്രവണത അവസാനിപ്പിക്കാൻ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്താൻ നടപടിയെടുക്കുമോ; | (എ) ഒന്നാം പ്രതി പ്രവീൺ ഇതര ജില്ലക്കാരനാണെന്ന് അന്വേഷണത്തിൽ അറിവായിട്ടുണ്ട്. നിയമവിരുദ്ധമായ ആയുധ സംഭരണം, കുറ്റവാളികളെ ഒളിപ്പിക്കൽ, കുറ്റകരമായ ഗൂഡാലോചന തുടങ്ങിയ സംഭവങ്ങളിൽ ഏർപ്പെടുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ മുൻ കരുതൽ നടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (ബി) ശാഖകൾ എന്ന പേരിൽ പോലീസ് നിയമത്തിന് വിരുദ്ധമായി നടത്തുന്ന കായികപരിശീലനവും ആയുധ പരിശീലനവും തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ; | (ബി) ശാഖകൾ എന്ന പേരിൽ പോലീസ് നിയമത്തിന് വിരുദ്ധമായി കായിക പരിശീലനവും ആയുധ പരിശീലനവും നടത്തുന്ന സംഘടനകളുടെ പ്രവർത്തനം പോലീസ് നിരീക്ഷിച്ച് വരുന്നു. നിയമ വിരുദ്ധമായി കാണപ്പെടുന്ന സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ കേരള പോലീസ് |

ആക്ട് 2011 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) തിരുവനന്തപുരത്ത് മലയിൻകീഴിൽ ആർഎസ്.എസ്. നിയന്ത്രണത്തിലുള്ള സ്കൂൾ വളപ്പിൽ നിന്ന് മാരകശക്തിയുള്ള ബോംബുകൾ കണ്ടെത്തിയ പശ്ചാത്തലത്തിൽ നിയമവിരുദ്ധമായ കായികപരിശീലനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും പരിസരം ഉപയോഗിക്കുന്നത് അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

(സി) നിയമ വിരുദ്ധമായ കായിക പരിശീലനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും പരിസരം ഉപയോഗിക്കുന്നത് തടയുന്നതിനായി കർശന നിയമനടപടികളാണ് സ്വീകരിച്ചു വരുന്നത്. 05.04.2000-ലെ ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം സ്കൂൾ വക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കാൻ പാടില്ല എന്ന വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ